# <u>താൽപര്യപത്രം</u>

പട്ടികജാതി വികസന വകുപ്പിന്റെ മുഖപ്രസിദ്ധീകരണമായ **'ഉന്നതി ദ്വൈമാസിക'** അച്ചടിക്കുന്നതിനായി പ്രിന്റിംഗ് മേഖലയിൽ സമാന ജോലികൾ ചെയ്തുവരുന്ന സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരിചയ സമ്പന്നരായ സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. സ്ഥാപനങ്ങളുടെ വാർഷിക വരുമാനം ഒരു കോടിയിൽ കൂടുതലും ( വാർഷിക ടേൺ ഓവർ) ഗവ.പ്രവൃത്തികൾ ചെയ്തതിന്റെ പരിചയവും ഉണ്ടായിരിക്കണം.

**പ്രസിദ്ധീകരിക്കേണ്ട മാസികയുടെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| Size | - | 19.5 cm X 26.5 cm |
| Pages | - | 48 + 4 outer page |
| Cover Paper | - | 130 Gsm Art Paper |
| Inner Paper | - | 60 Gsm Glaized news Paper |
| Printing | - | Multi Colour |
| Binding | - | Central Slapling |
| No of copies | - | 10,000 |

മാസികയുടെ ഉള്ളടക്കം, പേജ് ലേ ഔട്ട് എന്നിവ ചീഫ് പബ്ലിസിറ്റി ഓഫീസിൽ നിന്നും പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കേണ്ട മാസം 10-ാം തീയതിക്കു മുൻപ് സ്ഥാപനത്തെ ഏൽപ്പിക്കുന്നതും സ്ഥാപനം അതേ മാസം 15-ാം തീയതിക്കകം ആയതിന്റെ അടിസ്ഥാനത്തിൽ അച്ചടി പൂർത്തിയാക്കി വെള്ളയമ്പലത്ത് അയ്യൻകാളി ഭവനിൽ പ്രവർത്തിക്കുന്ന ചീഫ് പബ്ലിസിറ്റി ഓഫീസിൽ വിതരണത്തിന് അനുയോജ്യമായ രീതിയിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. വിതരണത്തിന് തയ്യാറാക്കുന്ന ഒരു മാസികയുടെ വില എത്ര രൂപയെന്ന് (എല്ലാ സർക്കാർ നികുതി ഉൾപ്പടെ) താൽപര്യപത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

## <u>താൽപര്യപത്രത്തോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>

1. സ്ഥാപനത്തിന്റെ 21-22 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിന്റെ പകർപ്പ്
2. കമ്പനി പ്രൊഫൈയിൽ
3. കമ്പനി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
4. ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
5. ഗവ.തലത്തിലുള്ള വർക്ക് എക്സ്പീരിയൻസ്/ വർക്ക് ഓർഡറിന്റെ കോപ്പി (കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ലഭ്യമായത്)

തയ്യാറാക്കിയ താൽപര്യപത്രം 02/05/2023-ന് വൈകിട്ട് 4 മണിക്ക് മുൻപായി ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ സീൽ ചെയ്ത കവറിൽ ലഭ്യമാക്കേണ്ടാണ്. കവറിനു പുറത്ത് **"ഉന്നതി പ്രസിദ്ധീകരണത്തിനുള്ള താൽപര്യപത്രം"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

താൽപര്യപത്രം സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും. താൽപര്യപത്രപ്രകാരമുള്ള ഏജൻസിയെ തെരെഞ്ഞടുപ്പ് വകുപ്പ് ഡയറക്ടറുടെ അന്തിമ തീരുമാനത്തിന് വിധേയമായിണ്ടായിരിക്കും. ബന്ധപ്പെടേണ്ട ഫോൺ നമ്പർ- **0471 –2315375, 9188920097**

ചീഫ് പബ്ലിസിറ്റി ഓഫീസർ